കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മഞ്ചേരി നഗരസഭ - കച്ചേരിപ്പടി ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും 68,06,250 /- (അറുപത്തിയെട്ടു ലക്ഷത്തി ആറായിരത്തി ഇരുനൂറ്റി അമ്പത്) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്,

സ.ഉ (സാധാ)നമ്പർ.302/14/തസ്വഭവ തിരുവനന്തപുരം, തീയതി: 01-02-2014

===========================================================================

പരാമർശം : 1) സ.ഉ(എം.എസ് )നം.147/2009/തസ്വഭവ തീയതി 29-07-2009
2) മഞ്ചേരി നഗരസഭ 1-3-2010ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനം.
3) മഞ്ചേരി നഗരസഭ സെക്രട്ടറിയുടെ 20-1-12, 22-6-13 എന്നീ തീയതികളിലെ ഇ1 938/03 നമ്പർ കത്തുകൾ.
4) കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 3-5-12 ലെ കെ.യു.ആർ.ഡി.എഫ്.സി/എ2/116/ 2007 നമ്പർ കത്ത്.
5) നഗരകാര്യ ഡയറക്ടുടെ 23-11-12, 11-7-13 എന്നീ തീയതികളിലെ ഡിസി3-9556/12 നമ്പർ കത്ത്.

**ഉത്തരവ്**

മഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കച്ചേരിപ്പടി ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിനായി 68,06,250/- (അറുപത്തിയെട്ടു ലക്ഷത്തി ആറായിരത്തി ഇരുനൂറ്റി അമ്പത്) രൂപ കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം (3) പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി 68,06,250/- (അറുപത്തിയെട്ടു ലക്ഷത്തി ആറായിരത്തി ഇരുനൂറ്റി അമ്പത്) രൂപ അനുവദിയ്ക്കുന്നതിനുള്ള സമ്മതപത്രം പരാമർശം (4) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി യുടെ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഞ്ചേരി നഗരസഭയുടെ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിനായി മഞ്ചേരി വില്ലേജിലെ 302 സെന്റ് സ്ഥലം ജാമ്യമായി നൽകികൊണ്ട്, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും 12% പലിശ നിരക്കിൽ 68,06,250 /- (അറുപത്തിയെട്ടു ലക്ഷത്തി ആറായിരത്തി ഇരുനൂറ്റി അമ്പത്) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം മഞ്ചേരിനഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സി. വത്സല,**
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മഞ്ചേരി നഗരസഭ
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി. എ & ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ